# പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 2758** | **27.01.2014 - ലെ മറുപടിക്ക്**

## അനർഹമായ ചുമട്ടുതൊഴിലാളി കാർഡുകൾ റദ്ദാക്കാൻ നടപടി

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. എ.റ്റി.ജോർജ്**<br>**ശ്രീ. അൻവർ സാദത്ത്**<br>**ശ്രീ. സണ്ണി ജോസഫ്**<br>**ശ്രീ. പി.സി.വിഷ്ണുനാഥ്** | **ശ്രീ. ഷിബു ബേബിജോൺ**<br>**(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി)** |
| (എ) സംസ്ഥാനത്ത് ചുമട്ടു തൊഴിലാളി കാർഡുകൾ അനർഹമായി കരസ്ഥമാക്കി-യതായി കണ്ടെത്തിയിട്ടുണ്ടോ ; വിശദമാക്കുമോ; | (എ) ഉണ്ട്. വയനാട് ജില്ലയിൽ ചുമട്ടു തൊഴിലാളി കാർഡുകൾ അനർഹമായി കരസ്ഥമാക്കി-യതായി കണ്ടെത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ ചുമട്ടു തൊഴിലാളികൾ, കാർഡുകൾ അനർഹമായി കരസ്ഥമാക്കിയിട്ടുണ്ട് എന്ന പരാതിയും ലഭിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ നിശ്ചിതകാലാവധി ക്കുള്ളിൽ വിശദമായ പരിശോധന നടത്തി ഇതിന്മേൽ നടപടി സ്വീകരിക്കു ന്നതിന് തയ്യാറാകുമോ; വ്യക്തമാക്കുമോ; | (ബി) അനധികൃതമായി കാർഡ് കൈപ്പറ്റിയതായി കണ്ടെത്തുന്ന മുറയ്ക്ക്, പരിശോധന നടത്തി കേരള ചുമട്ടു തൊഴിലാളി ചട്ടങ്ങൾ 26(എ) (4) പ്രകാരം നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം ലേബർ കമ്മീഷണർ ബന്ധപ്പെട്ട രജിസ്റ്ററിംഗ് ഓഫീസർമാർക്ക് നൽകി-യിട്ടുണ്ട്. |

(.....2)

(സി) അനർഹമാണെന്ന് കണ്ടെത്തിയ തിരിച്ചറിയൽ കാർഡുകൾ റദ്ദാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) ചുമട്ടു തൊഴിൽ മേഖലയിലെ വിവിധ വിഷയങ്ങൾ സംബന്ധിച്ച് പഠനം നടത്തിയ ശ്രീ. വർക്കല കഹാർ കമ്മിറ്റി ഇക്കാര്യത്തിൽ സർക്കാരിന് ശുപാർശ നൽകിയിട്ടുണ്ട്. ശുപാർശകൾ സർക്കാർ പരിശോധിച്ചു വരികയാണ്. കൂടാതെ വയനാട് ജില്ലയിൽ അനർഹമാണെന്ന് കണ്ടെത്തിയ 9 കാർഡുകൾ റദ്ദാക്കിയിട്ടുണ്ട്.

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

(ഡി) കേരള ചുമട്ടു തൊഴിലാളി ചട്ടങ്ങൾ, വകുപ്പ് 26(എ)(4) അനുസരിച്ച് കാർഡ് റദ്ദ് ചെയ്യാനുള്ള വ്യവസ്ഥയുണ്ട്. അനർഹമായി കാർഡുകൾ വാങ്ങി എന്നു കണ്ടെത്തിയാൽ തൊഴിൽ വകുപ്പ് നേരിട്ട് നടപടിയെടുത്ത് തിരിച്ചറിയൽ കാർഡ് റദ്ദാക്കാനുള്ള നടപടികൾ ലേബർ കമ്മീഷണർ സ്വീകരിച്ചു വരുന്നു. ഇതിനു പുറമെ ബന്ധപ്പെട്ട കക്ഷിൾക്ക് അപ്പീൽ നൽകുവാനുള്ള അവകാശവും ഉണ്ട്.

സെക്ഷൻ ഓഫീസർ